"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചാലക്കുടി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുനിൽ ചെറിയാന് വ്യവസ്ഥകൾക്ക് വിധേയമായി അഭിനയ രംഗത്ത് പ്രവർത്തിക്കുന്നതിന് അനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.9/2023/LSGD തീയതി,തിരുവനന്തപുരം, 03-01-2023

---

പരാമർശം:-
1. ചാലക്കുടി നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. സുനിൽ ചെറിയാൻ സമർപ്പിച്ച 30.07.2018, 06.12.2022 തീയതികളിലെ അപേക്ഷകൾ.
2. നഗരകാര്യ ഡയറക്ടറുടെ 01.06.2019 തീയതിയിലെ ഇ3-21713/18നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 10.12.2022 തീയതിയിലെ ഡി.യു.എ/10814/2022/ഇ3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചാലക്കുടി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുനിൽ ചെറിയാൻ, വിവിധ സീരിയൽ, സിനിമ എന്നിവകളിൽ ചെറിയ റോളുകൾ പ്രതിഫലം പറ്റാതെയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും അവധി ദിവസങ്ങളിൽ അഭിനയിക്കുന്നതിന് അനുമതി നൽകുന്നതിലേയ്ക്കായി, നഗരസഭാസെക്രട്ടറി മുഖേന സമർപ്പിച്ച അപേക്ഷ പരാമർശം (2)(3) കത്തുകൾ പ്രകാരം തുടർനടപടികൾക്കായി നഗരകാര്യഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48(1) ന്റെ ആദ്യ പ്രൊവിസോ പ്രകാരം സർക്കാർ ജീവനക്കാർക്ക് ശാസ്ത്ര, കലാ-സാംസ്കാരിക, സാഹിത്യ, സാമൂഹിക രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സോപാധിക അനുമതിയുണ്ട്. എന്നാൽ സർക്കാർ ജീവനക്കാർക്ക്, നാടകം, സിനിമ, സീരിയൽ, ഹ്രസ്വചിത്രം, വീഡിയോ ഗാനം, വാണിജ്യാടിസ്ഥാനത്തിലുള്ള മറ്റ് പ്രോഗ്രാമുകൾ എന്നിവയിൽ അഭിനയിക്കുന്നതിനോ, സംവിധാനം ചെയ്യുന്നതിനോ, പ്രവർത്തിക്കുന്നതിനോ അനുമതി നൽകുന്ന പൊതുവായ വ്യവസ്ഥകളോ, ഉത്തരവുകളോ നിലവിലില്ലാത്തതാണ്.

3. മേൽ സാഹചര്യത്തിൽ 1960- ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 48(1)ലെ വ്യവസ്ഥകൾക്ക് വിധേയമായും സർക്കാരിനെതിരായ പരാമർശങ്ങൾ നടത്തില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ടും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും പ്രതിഫലം കൂടാതെയും അവധി ദിവസങ്ങളിൽ അഭിനയിക്കുന്നതിന് ചാലക്കുടി നഗരസഭയിൽ

സ.ഉ.(സാധാ) നം.9/2023/LSGD

സീനിയർ ക്ലർക്കായ ശ്രീ. സുനിൽ ചെറിയാന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ . സുനിൽ ചെറിയാൻ, സീനിയർ ക്ലർക്ക്, ചാലക്കുടി നഗരസഭ.
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ചാലക്കുടി നഗരസഭ. (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 04-01-2023 11:33:19
സെക്ഷൻ ഓഫീസർ